# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5701 02.07.2014 - ൽ മറുപടിക്ക്

## സഹകരണ സംഘങ്ങളുമായി സഹകരിച്ചുകൊണ്ട് ചെറുകിട കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. കെ. ടി . ജലീൽ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ളപ്രശ്നം രൂക്ഷമായിരിക്കുകയും ശുദ്ധജല ദൗർലഭ്യം നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ ചെറുകിട കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറായിവരുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായവും പ്രോത്സാഹനവുമാണ് നൽകുന്നത് ; | (എ) സംസ്ഥാന ഭൂജല വകുപ്പ്, കുടിവെള്ള പ്ലാന്റുകൾ സ്ഥാപിക്കാൻ തയ്യാറായി വരുന്ന സ്ഥാപനങ്ങൾക്ക് ഭൂജല ലഭ്യതയും, പരിസ്ഥിതിക്ക് ഹാനികരമാകാത്ത തരത്തിൽ ഭൂജല ഉപഭോഗത്തിന്റെ സുരക്ഷിത അളവ് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചുകൊടുക്കുന്നു. ഇത്തരം പ്ലാന്റുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഭൂജലവകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ തല ഇവാലുവേഷൻ കമ്മിറ്റിക്കു മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. ജില്ലാതല ഇവാലുവേഷൻ കമ്മിറ്റി ആയത് പരിഗണിച്ച് ശുപാർശകളോടെ സംസ്ഥാന ഭൂജല അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നു. സംസ്ഥാന ഭൂജല അതോറിറ്റി ടി പ്ലാന്റുകൾക്ക് ഉപാധികളോടെ എൻ.ഒ.സി. നൽകുകയോ നിരസിക്കുകയോ ചെയ്യുന്നു. |
| (ബി) വ്യക്തികൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും നൽകുന്ന പരിഗണന സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | സഹകരണസ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് വിജയകരമായി നടത്താൻ കഴിയുമെന്നത് വിലയിരുത്തിയിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ സഹകരണസംഘങ്ങളുമായി സഹകരിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ ? | (ഡി) | നിർദ്ദേശങ്ങൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ